**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2403** **07-07-2022 - ൽ മറുപടിയ്ക്ക്**

**അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തി നൽകുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ധനകാര്യവകുപ്പിൽ നിന്നും എത്ര രൂപയുടെ കരാർ നൽകിയിട്ടുണ്ട് ;ഇതിൽ ടെണ്ടർ നടപടികൾ കൂടാതെ ആകെ എത്ര രൂപയുടെ പ്രവൃത്തി അനുവദിച്ചിട്ടുണ്ട്; | (എ) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ധനകാര്യവകുപ്പിൽ നിന്നും ബജറ്റ് ഹാൾ വിപുലീകരണം, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ് നവീകരണം, 11 ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ഓഫീസ് നവീകരണം എന്നീ പ്രവൃത്തികൾക്കായി ആകെ 1,29,45,682/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ കൂടാതെ ആകെ 1,29,45,682/- രൂപയുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | അക്രഡിറ്റഡ് ഏജൻസികൾക്ക് പരമാവധി എത്ര രൂപയുടെ പ്രവൃത്തിയാണ് ടെൻഡർ കൂടാതെ അനുവദിക്കുവാൻ സാധിക്കുന്നത് ; പ്രസ്തുത പരിധിയേക്കാൾ ഉയർന്ന തുകയുള്ള പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുവദിച്ച് നൽകിയിട്ടുണ്ടോ;വിശദാംശം നൽകുമോ ? | (ബി) | സ.ഉ (പി) നം. 7/2022/ധന, തീയതി 17/1/2022 ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾക്ക് (നോൺ പിഎംസി) പരമാവധി ഒരു കോടി രൂപയുടെ പ്രവൃത്തിയാണ് ടെൻഡർ കൂടാതെ അനുവദിക്കുവാൻ സാധിക്കുന്നത്. പ്രസ്തുത പരിധിയേക്കാൾ ഉയർന്ന തുകയുള്ള പ്രവൃത്തികൾ ടെണ്ടർ കൂടാതെ ഊരാളുങ്കൽ സൊസൈറ്റിക്ക് അനുവദിച്ച് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ